I/19448/2023

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം -695033

നമ്പർ. B3/13/2023-SEC തീയതി: **05-06-2023**

**സർക്കുലർ**

വിഷയം:- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - പഞ്ചായത്ത് അംഗങ്ങളുടെ / മുനിസിപ്പൽ കൗൺസിലർമാരുടെ സ്വത്ത് വിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 03.06.2023 തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ.33/2023/LSGD, 34/2023/LSGD നമ്പർ വിജ്ഞാപനങ്ങൾ.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 159(1)-ാം വകുപ്പ് പ്രകാരവും 1994- ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 143എ(1)-ാം വകുപ്പുപ്രകാരവും ഒരു പഞ്ചായത്ത് അംഗം/മുനിസിപ്പൽ കൗൺസിലർ തന്റെ സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ മുപ്പത് മാസങ്ങൾക്കകം നിശ്ചിത ഫാറത്തിൽ അയാളുടേയും അയാളുടെ കുടുംബത്തിലെ മറ്റംഗങ്ങളുടേയും സ്വത്തുക്കളുടേയും ബാധ്യതകളുടേയും സ്റ്റേറ്റ്മെന്റ് സർക്കാർ ഇതിലേയ്ക്കായി വിജ്ഞാപനം മുഖേന അധികാരപ്പെടുത്തിയിട്ടുള്ള കോംപീറ്റന്റ് അതോറിറ്റിയ്ക്ക് സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ഒരു സ്റ്റേറ്റ്മെന്റ് സമർപ്പിച്ച ഒരു അംഗം / കൗൺസിലർ അതിനുശേഷം അയാളുടേയോ അയാളുടെ കുടുംബത്തിലെ മറ്റ് അംഗങ്ങളുടേയോ പേരിൽ കൂടുതലായി ഏതെങ്കിലും സ്വത്ത് ആർജ്ജിക്കുകയോ സ്റ്റേറ്റ്മെന്റിൽ പറയുന്ന ഏതെങ്കിലും സ്വത്ത് കയ്യൊഴിയുകയോ ബാധ്യതപ്പെടുത്തുകയോ ചെയ്താൽ അതത് സംഗതിപോലെ അപ്രകാരം ആർജ്ജിക്കുകയോ കയ്യൊഴിയുകയോ ബാധ്യതപ്പെടുത്തുകയോ ചെയ്യുന്ന തീയതി മുതൽ മൂന്ന് മാസത്തിനകം അത് സംബന്ധിച്ച സ്റ്റേറ്റമെന്റ് കോംപീറ്റന്റ് അതോറിറ്റിയ്ക്ക് സമർപ്പിക്കേണ്ടതാണെന്ന് 2 ാം ഉപവകുപ്പിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2. ഒരു അംഗം/കൗൺസിലർ കളവായതോ കളവാണെന്ന് താനറിയുകയോ വിശ്വസിക്കുകയോ ചെയ്യുന്നതോ അല്ലെങ്കിൽ സത്യമാണെന്ന് താൻ വിശ്വസിക്കാത്തതോ ആയ ഒരു സ്റ്റേറ്റ്മെന്റ് നൽകുന്നുവെങ്കിൽ അപ്രകാരം വിവരം നൽകിയ അംഗത്തിന്/കൗൺസിലർക്ക് എതിരെ നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതാണെന്നും 3-ാം ഉപവകുപ്പുപ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ നിശ്ചിത തീയതിയ്ക്കുള്ളിൽ ഒരു അംഗം/കൗൺസിലർ അപ്രകാരമുള്ള ഒരു സ്റ്റേറ്റ്മെന്റ് കോംപീറ്റന്റ് അതോറിറ്റിയ്ക്ക് സമർപ്പിക്കാത്ത പക്ഷം കേരള പഞ്ചായത്ത് രാജ് ആക്റ്റ് 35-ാം വകുപ്പ് പ്രകാരവും കേരള മുനിസിപ്പാലിറ്റി ആക്റ്റ് 91-ാം വകുപ്പ് പ്രകാരവും അയോഗ്യത കൽപ്പിക്കാവുന്നതാണെന്നും വ്യവസ്ഥയുണ്ട്.

3. മേൽപ്പറഞ്ഞപ്രകാരം സ്വത്തുക്കളുടേയും ബാധ്യതകളുടേയും സ്റ്റേറ്റ്മെന്റുകൾ സ്വീകരിക്കുന്നതിന്

I/19448/2023

കോംപീറ്റന്റ് അതോറിറ്റികളെ അധികാരപ്പെടുത്തിക്കൊണ്ട് സർക്കാർ സൂചന പ്രകാരം വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് അംഗങ്ങളുടെ കാര്യത്തിൽ ജില്ലയിലെ തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറെയും ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളുടെ കാര്യത്തിൽ ജില്ലയിലെ തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറെയും ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെ കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് (റൂറൽ) ഡയറക്ടറെയും. മുനിസിപ്പാലിറ്റി & മുനിസിപ്പൽ കോർപ്പറേഷനുകളുടെ കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് (അർബൻ) ഡയറക്ടറെയുമാണ് കോംപീറ്റന്റ് അതോറിറ്റികളായി സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ളത്. ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ഫാറങ്ങളുടെ മാതൃകയിൽ വേണം പ്രസ്തുത സ്റ്റേറ്റ്മെന്റുകൾ സ്വീകരിക്കേണ്ടത്. 2020 ലെ പൊതുതിരഞ്ഞെടുപ്പിലൂടെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ/കൗൺസിലർമാർ പ്രസ്തുത സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതിനുള്ള 30 മാസക്കാലയളവ് 2023 ജൂൺ 20 ന് അവസാനിക്കുകയാണ്.

4. മേൽവിവരിച്ച സാഹചര്യങ്ങളിൽ അംഗങ്ങളിൽ/കൗൺസിലർമാരിൽ നിന്നും നിശ്ചിത സമയപരിധിയ്ക്കകം ലഭിക്കുന്ന അത്തരം സ്റ്റേറ്റ്മെന്റുകൾ അതാത് ഓഫീസുകളിൽ സൂക്ഷിക്കുന്നതിനും നിശ്ചിത സമയപരിധിയ്ക്കകം സ്റ്റേറ്റ്മെന്റ് സമർപ്പിക്കാത്ത അംഗങ്ങളുടെ / കൗൺസിലർമാരുടെ പേര് വിവരം കമ്മീഷനിൽ ലഭ്യമാക്കുന്നതിനും കോപീറ്റന്റ് അതോറിറ്റികളായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരോട് നിർദ്ദേശിക്കുന്നു. അതോടൊപ്പം, അംഗങ്ങളുടെയും കുടുംബാംഗങ്ങളുടെയും ആസ്തികളുടെയും ബാധ്യതകളുടെയും സ്റ്റേറ്റ്മെന്റ് നിശ്ചിത ഫാറങ്ങളിലും നിശ്ചിത ഫാറങ്ങളിൽ ജൂൺ 20 നകം ബന്ധപ്പെട്ട കോംപീറ്റന്റ് അതോറിറ്റികൾക്ക് നൽകണമെന്ന വിവരം അംഗങ്ങളെ/കൗൺസിലർമാരെ അറിയിക്കുന്നതിന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരെ ചുമതലപ്പെടുത്തുന്നു.

Signed by
Geetha Jr
Date: 05-06-2023 15:21:22

ഗീത ജെ ആർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ&
സെക്രട്ടറി-ഇൻ-ചാർജ്ജ്

ഡയറക്ടർ(റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ്

ഡയറക്ടർ(അർബൻ), തദ്ദേശസ്വയംഭരണ വകുപ്പ്

ജില്ലാ ജോയിന്റ് ഡയറക്ടർമാർ, തദ്ദേശസ്വയംഭരണ വകുപ്പ്

ഡെപ്യൂട്ടി ഡയറക്ടർമാർ, തദ്ദേശസ്വയംഭരണ വകുപ്പ്

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും

**പകർപ്പ്**

എല്ലാ നോഡൽ ഓഫീസർമാർക്കും സെക്ഷനുകൾക്കും

കമ്മീഷണറുടെ പി.എസ്

കമ്മീഷണറുടെ സി.എ

I/19448/2023

സെക്രട്ടറിയുടെ സി.എ

സ്റ്റോക്ക്/ഫയൽ/websit

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033,
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )
e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in

©
**കേരള സർക്കാർ**
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 12** Vol. XII | **തിരുവനന്തപുരം, തിങ്കൾ** Thiruvananthapuram, Monday | **2023 ജൂൺ 05** 05th June 2023 **1198 ഇടവം 22** 22nd Idavam 1198 **1945 ജ്യേഷ്ഠം 15** 15th Jyaishta 1945 | **നമ്പർ** No. | **1879** |

കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

വിജ്ഞാപനം

സ.ഉ.(അച്ചടി) നം. 33/2023/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 2023 ജൂൺ 03

**എസ്. ആർ. ഒ. നമ്പർ 632/2023**

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994-ലെ 20), 143 എ വകുപ്പ്, (1)-ാം ഉപവകുപ്പ് പ്രകാരം നല്കപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, 2004 ആഗസ്റ്റ് 2-ാം തീയതിയിലെ സ.ഉ (പി) നമ്പർ. 251/2004/തസ്വഭവ ആയി പുറപ്പെടുവിച്ചതും 2004 ആഗസ്റ്റ് 4-ാം തീയതിയിലെ 1677-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ. 847/2004 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനം താഴെപ്പറയും പ്രകാരം ഇതിനാൽ ഭേദഗതി ചെയ്യുന്നു, അതായത്:-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ഭേദഗതി**

പ്രസ്തുത വിജ്ഞാപനത്തിൽ, "അതാത് നഗരകാര്യമേഖലാ ജോയിന്റ് ഡയറക്ടർമാരെ അവരവരുടെ പ്രദേശത്ത് അധികാരികതയുള്ള" എന്ന വാക്കുകൾക്ക് പകരം "തദ്ദേശ സ്വയംഭരണ വകുപ്പ് (അർബൻ) ഡയറക്ടറെ" എന്ന വാക്കുകളും ബ്രാക്കറ്റും ചേർക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

**ഡോ.ഷർമിള മേരി ജോസഫ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

**വിശദീകരണക്കുറിപ്പ്**

( ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994 ലെ 20), 143 എ വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഒരു കൗൺസിലർ താൻ സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ മുപ്പത് മാസങ്ങൾക്കകം നിശ്ചിത ഫാറത്തിൽ അയാളുടെയും അയാളുടെ കുടുംബത്തിലെ മറ്റംഗങ്ങളുടെയും സ്വത്തുക്കളുടെയും ബാദ്ധ്യതകളുടെയും സ്റ്റേറ്റ്മെന്റ് സർക്കാർ വിജ്ഞാപനം മുഖേന അധികാരപ്പെടുത്തുന്ന കോംപീറ്റന്റ് അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. അപ്രകാരം സ്റ്റേറ്റ്മെന്റ് സമർപ്പിച്ച ഒരു കൗൺസിലർ അതിനുശേഷം അയാളുടെയോ കുടുംബത്തിലെ മറ്റംഗങ്ങളുടെയോ പേരിൽ കൂട്ടുതലായി ഏതെങ്കിലും സ്വത്ത് ആർജ്ജിക്കുകയോ സ്റ്റേറ്റ്മെന്റിൽ പറയുന്ന ഏതെങ്കിലും സ്വത്ത് കയ്യൊഴിയുകയോ ബാദ്ധ്യതപ്പെടുത്തുകയോ ചെയ്താൽ, (2)-ാം ഉപവകുപ്പ് പ്രകാരം മൂന്ന് മാസത്തിനകം അതു സംബന്ധിച്ച സ്റ്റേറ്റ്മെന്റ് കോംപീറ്റന്റ് അതോറിറ്റിക്ക് സമർപ്പിക്കേണ്ടതുണ്ട്. അപ്രകാരം കോംപീറ്റന്റ് അതോറിറ്റിയായി പ്രവർത്തിക്കുന്നതിന് അതാത് നഗരകാര്യമേഖലാ ജോയിന്റ് ഡയറക്ടർമാരെ 2004 ആഗസ്റ്റ് 2-ാം തീയതിയിലെ സ.ഉ. (പി) നമ്പർ. 251/2004/തസ്വഭവ ആയി പുറപ്പെടുവിച്ചതും 2004 ആഗസ്റ്റ് 4-ാം തീയതിയിലെ 1677-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ. 847/2004 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം സർക്കാർ അധികാരപ്പെടുത്തിയിരുന്നു.

എന്നാൽ 2022-ലെ ലോക്കൽ സെൽഫ് ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ് സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ പുതിയതായി തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതും ചില തസ്തികകൾ പുനർനാമകരണം ചെയ്തിട്ടുള്ളതും പ്രസ്തുത റൂൾസിനനുസൃതമായി വിവിധ ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള ഉദ്യോഗസ്ഥരെ പുതുക്കി നിശ്ചയിക്കേണ്ടതുമാണ്. പ്രസ്തുത സാഹചര്യത്തിൽ മേൽപ്പറഞ്ഞ വിജ്ഞാപനം ഭേദഗതി ചെയ്തുകൊണ്ട്, കോംപീറ്റന്റ് അതോറിറ്റിയായി പ്രവർത്തിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് (അർബൻ) ഡയറക്ടറെ അധികാരപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.06.05 08:46:17 +05:30

©
**കേരള സർക്കാർ**
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 12** Vol. XII | **തിരുവനന്തപുരം, തിങ്കൾ** Thiruvananthapuram, Monday | **2023 ജൂൺ 05** 05th June 2023 **1198 ഇടവം 22** 22nd Idavam 1198 **1945 ജ്യേഷ്ഠം 15** 15th Jyaishta 1945 | **നമ്പർ** No. | **1880** |

കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

വിജ്ഞാപനം

സ.ഉ.(അച്ചടി) നം. 34/2023/ത.സ്വ.ഭ.വ    തീയതി,തിരുവനന്തപുരം, 2023 ജൂൺ 03

**എസ്. ആർ. ഒ. നമ്പർ  633/2023**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13), 159-ാം വകുപ്പ്, (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ, 2004 ഏപ്രിൽ 23-ാം തീയതിയിലെ സ.ഉ.(പി) നമ്പർ. 151/2004 ആയി പുറപ്പെടുവിച്ചതും 2004 മെയ് 3-ാം തീയതിയിലെ 973-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ. 429/2004 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനം താഴെപ്പറയും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രകാരം ഇതിനാൽ ഭേദഗതി ചെയ്യുന്നു, അതായത്:-

**ഭേദഗതി**

പ്രസ്തുത വിജ്ഞാപനത്തിൽ,-

(i) "പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെയും" എന്ന വാക്കുകൾക്ക് പകരം "തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറെയും" എന്ന വാക്കുകളും;

(ii) "അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണറെയും" എന്ന വാക്കുകൾക്ക് പകരം "തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറെയും" എന്ന വാക്കുകളും;

(iii) "പഞ്ചായത്ത് ഡയറക്ടറെയും" എന്ന വാക്കുകൾക്ക് പകരം "തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ) ഡയറക്ടറെയും" എന്ന വാക്കുകളും ബ്രാക്കറ്റും;

ചേർക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

**ഡോ.ഷർമിള മേരി ജോസഫ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994 ലെ 13), 159-ാം വകുപ്പ്, (1)-ാം ഉപവകുപ്പ് പ്രകാരം ഒരു പഞ്ചായത്തംഗം താൻ സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ മുപ്പത് മാസങ്ങൾക്കകം നിശ്ചിത ഫാറത്തിൽ അയാളുടെയും അയാളുടെ കുടുംബത്തിലെ മറ്റംഗങ്ങളുടെയും സ്വത്തുക്കളുടെയും ബാദ്ധ്യതകളുടെയും സ്റ്റേറ്റ്മെന്റ് സർക്കാർ വിജ്ഞാപനം മുഖേന അധികാരപ്പെടുത്തുന്ന കോംപീറ്റന്റ് അതോറിറ്റിക്ക്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സമർപ്പിക്കേണ്ടതാണ്. അപ്രകാരം സ്റ്റേറ്റ്മെന്റ് സമർപ്പിച്ച ഒരു പഞ്ചായത്തംഗം അതിനുശേഷം അയാളുടെയോ കുടുംബത്തിലെ മറ്റംഗങ്ങളുടെയോ പേരിൽ കൂടുതലായി ഏതെങ്കിലും സ്വത്ത് ആർജ്ജിക്കുകയോ സ്റ്റേറ്റ്മെന്റിൽ പറയുന്ന ഏതെങ്കിലും സ്വത്ത് കയ്യൊഴിയുകയോ ബാദ്ധ്യതപ്പെടുത്തുകയോ ചെയ്താൽ, (2)-ാം ഉപവകുപ്പ് പ്രകാരം മൂന്ന് മാസത്തിനകം അതു സംബന്ധിച്ച സ്റ്റേറ്റ്മെന്റും കോംപീറ്റന്റ് അതോറിറ്റിക്ക് സമർപ്പിക്കേണ്ടതുണ്ട്. അപ്രകാരം കോംപീറ്റന്റ് അതോറിറ്റിയായി പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തംഗങ്ങളുടെ കാര്യത്തിൽ അതാതു ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറേയും ബ്ലോക്ക് പഞ്ചായത്തംഗങ്ങളുടെ കാര്യത്തിൽ ജില്ലയിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറേയും ജില്ലാ പഞ്ചായത്തംഗങ്ങളുടെ കാര്യത്തിൽ പഞ്ചായത്ത് ഡയറക്ടറെയും 2004 ഏപ്രിൽ 23-ാം തീയതിയിലെ സ.ഉ. (പി) നമ്പർ. 151/2004 ആയി പുറപ്പെടുവിച്ചതും 2004 മെയ് 3-ാം തീയതിയിലെ 973-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നമ്പർ. 429/2004 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം സർക്കാർ അധികാരപ്പെടുത്തിയിരുന്നു.

എന്നാൽ 2022-ലെ ലോക്കൽ സെൽഫ് ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ് സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ പുതിയതായി തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതും ചില തസ്തികകൾ പുനർനാമകരണം ചെയ്തിട്ടുള്ളതും പ്രസ്തുത റൂൾസിനനുസൃതമായി വിവിധ ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള ഉദ്യോഗസ്ഥരെ പുതുക്കി നിശ്ചയിക്കേണ്ടതുമാണ്. പ്രസ്തുത സാഹചര്യത്തിൽ മേൽപ്പറഞ്ഞ വിജ്ഞാപനം ഭേദഗതി ചെയ്തുകൊണ്ട്, കോംപീറ്റന്റ് അതോറിറ്റിയായി പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്ത് അംഗങ്ങളുടെ കാര്യത്തിൽ അതാത് ജില്ലയിലെ തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറെയും ബ്ലോക്ക് പഞ്ചായത്തംഗങ്ങളുടെ കാര്യത്തിൽ അതാത് ജില്ലയിലെ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറെയും ജില്ലാ പഞ്ചായത്തംഗങ്ങളുടെ കാര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ) ഡയറക്ടറെയും അധികാരപ്പെടുത്തുവാനും സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.06.05 08:49:45 +05:30

അനുബന്ധം 2

ഫാറം

## കൗൺസിലർ സമർപ്പിക്കുന്ന സ്വത്തുവിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

### ഭാഗം I - സ്ഥാവര വസ്തുക്കൾ

| ക്രമനമ്പർ | കൗൺസിലറുടെ /കുടുംബാംഗത്തിന്റെ പേര് | കൗൺസിലറുമായുള്ള ബന്ധം | തൊഴിൽ | കൈവശമുള്ള/ആർജ്ജിച്ച സ്ഥാവര വസ്തുവിന്റെ വിവരണം | | | | | | ഭൂമിയിൽ കെട്ടിടം സ്ഥിതി ചെയ്യുന്നുണ്ടോ എന്ന് | കെട്ടിടമുണ്ടെങ്കിൽ തറ വിസ്തീർണ്ണം | സ്ഥാവര വസ്തു ആർജ്ജിച്ച തീയതി | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | സർവ്വെ നമ്പർ | വിസ്തീർണ്ണം | താലൂക്ക് | വില്ലേജ് | ഭൂമിയുടെ സ്വഭാവം | അവകാശത്തിന്റെ സ്വഭാവം | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| | | | | | | | | | | | | | |

### ഭാഗം II - ജംഗമ വസ്തുക്കൾ (10,000 രൂപയിൽ കൂടുതൽ മൂല്യമുള്ളവ)

| ക്രമ നമ്പർ | കൗൺസിലറുടെ /കുടുംബാംഗത്തിന്റെ പേര് | കൗൺസിലറുമായുള്ള ബന്ധം | കൈവശമുള്ള/ആർജ്ജിച്ച ജംഗമ വസ്തുവിന്റെ വിവരണം | | | ജംഗമ വസ്തു ആർജ്ജിച്ച തീയതി | അഭിപ്രായ ക്കുറിപ്പ് |
|---|---|---|---|---|---|---|---|
| | | | ജംഗമ സ്വത്തുക്കൾ | എണ്ണം | മതിപ്പ് വില | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| | | | | | | | |

## ഭാഗം III - ബാദ്ധ്യതകൾ

| ക്രമ നമ്പർ | കൗൺസിലറുടെ /കുടുംബാംഗത്തിന്റെ പേര് | ബാദ്ധ്യതയുടെ സ്വാഭാവം | ബാദ്ധ്യതപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുവിന്റെ/ജംഗമ വസ്തുവിന്റെ വിവരണം | ആർക്ക് ബാദ്ധ്യതപ്പെടുത്തിയെന്ന് | ബാദ്ധ്യതയുണ്ടായ തീയതി | അഭിപ്രായ ക്കുറിപ്പ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| | | | | | | |

### സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം സത്യമാണെന്ന് ബോധിപ്പിക്കുന്നു.

സ്ഥലം ...................

തീയതി .................

കൗൺസിലറുടെ പേരും ഒപ്പും,

വാർഡിന്റെ പേരും മുനിസിപ്പാലിറ്റിയുടെ പേരും

## ഭാഗം III - ബാദ്ധ്യതകൾ

| ക്രമ നമ്പർ | പഞ്ചായത്തംഗത്തിന്റെ /കുടുംബാംഗത്തിന്റെ പേര് | ബാദ്ധ്യതയുടെ സ്വാഭാവം | ബാദ്ധ്യതപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുവിന്റെ/ജംഗമ വസ്തുവിന്റെ വിവരണം | ആർക്ക് ബാദ്ധ്യതപ്പെടുത്തിയെന്ന് | ബാദ്ധ്യതയുണ്ടായ തീയതി | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| | | | | | | |

## സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം സത്യമാണെന്ന് ബോധിപ്പിക്കുന്നു.

സ്ഥലം ..................

തീയതി ................

പഞ്ചായത്തംഗത്തിന്റെ പേരും ഒപ്പും
വാർഡിന്റെ പേരും പഞ്ചായത്തിന്റെ പേരും

## ഫാറം

# പഞ്ചായത്തംഗം സമർപ്പിക്കുന്ന സ്വത്തുവിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

## ഭാഗം I സ്ഥാവരവസ്തുക്കൾ

| ക്രമനമ്പർ | പഞ്ചായത്തംഗത്തിന്റെ /കുടുംബാംഗത്തിന്റെ പേര് | പഞ്ചായത്തംഗവുമായുള്ള ബന്ധം | തൊഴിൽ | കൈവശമുള്ള/ആർജ്ജിച്ച സ്ഥാവര വസ്തുവിന്റെ വിവരണം | | | | | | ഭൂമിയിൽ കെട്ടിടം സ്ഥിതി ചെയ്യുന്നുണ്ടോ എന്ന് | കെട്ടിടമുണ്ടെങ്കിൽ തറ വിസ്തീർണ്ണം | സ്ഥാവര വസ്തു ആർജ്ജിച്ച തീയതി | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | സർവ്വേ നമ്പർ | വിസ്തീർണ്ണം | താലൂക്ക് | വില്ലേജ് | ഭൂമിയുടെ സ്വഭാവം | അവകാശത്തിന്റെ സ്വഭാവം | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| | | | | | | | | | | | | | |

## ഭാഗം II - ജംഗമ വസ്തുക്കൾ (10,000 രൂപയിൽ കൂടുതൽ മൂല്യമുള്ളവ)

| ക്രമ നമ്പർ | പഞ്ചായത്തംഗത്തിന്റെ /കുടുംബാംഗത്തിന്റെ പേര് | പഞ്ചായത്തംഗവുമായുള്ള ബന്ധം | കൈവശമുള്ള/ആർജ്ജിച്ച ജംഗമ വസ്തുവിന്റെ വിവരണം | | | ജംഗമ വസ്തു ആർജ്ജിച്ച തീയതി | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|---|---|
| | | | ജംഗമ സ്വത്തുക്കൾ | എണ്ണം | മതിപ്പ് വില | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| | | | | | | | |